"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനം വന്യജീവി വകുപ്പ്-ജീവനക്കാര്യം-അച്ചടക്ക നടപടി-റവന്യൂ വകുപ്പിന്റെ പരിപത്രത്തിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ പട്ടയ ഭൂമികളിൽ നടന്ന മരം മുറി-സസ്പെൻഷനിലായിരുന്ന റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ശ്രീ.ജോജി ജോണിനെ സർവ്വീസിൽ പുന:പ്രവേശിപ്പിച്ച്-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനം വന്യജീവി (എ) വകുപ്പ്**

G.O.(Rt)No.38/2023/F&WLD    തീയതി,തിരുവനന്തപുരം, 27-01-2023

---

പരാമർശം:-

1. റവന്യൂ വകുപ്പിന്റെ 11.03.2020-ലെ U3/187/2019/റവന്യൂ നമ്പർ പരിപത്രം.
2. 17.12.2021-ലെ സ.ഉ.(സാധാ.) നമ്പർ 418/2021/വനം നമ്പർ ഉത്തരവ്.
3. 26.02.2022-ലെ സ.ഉ.(സാധാ.) നമ്പർ 73/2022/വനം നമ്പർ ഉത്തരവ്.
4. 31.12.2022-ലെ വിജിലൻസ് (ഇ) വകുപ്പിന്റെ Vig. E3/355/2022/Vig. നമ്പർ കത്ത്.

**ഉത്തരവ്**

റവന്യൂ വകുപ്പിന്റെ പരാമർശം (1)-ലെ ഉത്തരവിന്റെ മറവിൽ ഇടുക്കി ജില്ലയിലെ മന്നാംകണ്ടം, ആനവിരട്ടി വെള്ളത്തൂവൽ, കൊന്നത്തടി എന്നീ വില്ലേജുകളിലെ പട്ടയ ഉടമകളെ തെറ്റിധരിപ്പിച്ച് പട്ടയ ഉടമകളുടെ ഭൂമിയിൽ നിന്നിരുന്ന രാജകീയ മരങ്ങൾ ഉൾപ്പെടെയുള്ള ഷെഡ്യൂൾഡ് മരങ്ങൾ മുറിച്ച് കടത്തിയ സംഭവത്തിൽ ഉത്തരവാദിയായ ശ്രീ.ജോജി ജോൺ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസറെ പരാമർശം (2)-ലെ ഉത്തരവു പ്രകാരം സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്ത് ഉത്തരവായിരുന്നു.

21.12.2022-ൽ ചേർന്ന സസ്പെൻഷൻ പുന:പരിശോധനാ കമ്മിറ്റിയോഗം ശ്രീ.ജോജി ജോൺ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസറെ സർവ്വീസിൽ പുന:പ്രവേശിപ്പിച്ച് ജില്ലയ്ക്ക് പുറത്ത് നോൺ സെൻസിറ്റീവ് തസ്തികയിൽ നിയമനം നൽകുന്നതിന് ശുപാർശ ചെയ്തതായി പരാമർശം (4) പ്രകാരം വിജിലൻസ് വകുപ്പ് അറിയിച്ചിട്ടുണ്ട്

മേൽ സാഹചര്യത്തിൽ ശ്രീ.ജോജി ജോൺ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസറെ സർവ്വീസിൽ പുന:പ്രവേശിപ്പിച്ച് ഇതിനാൽ ഉത്തരവാകുന്നു. ടിയാന് സ്വന്തം ജില്ലയ്ക്ക് പുറത്ത് നോൺ സെൻസിറ്റീവ് തസ്തികയിൽ (സ്വതന്ത്ര ചുമതലകൾ ഇല്ലാത്ത തസ്തികയിൽ) നിയമനം നൽകുന്നതിനുവേണ്ട നടപടി ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്

കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
RAJESH G R
JOINT SECRETARY

ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്

കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്

ശ്രീ.ജോജി ജോൺ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ

(ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്

കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് മുഖേന)

ഡയറക്ടർ, വിജിലൻസ് & ആന്റികറപ്ഷൻ ബ്യൂറോ,

വിജിലൻസ് (ഇ) വകുപ്പ് (വിജി.-ഇ3/355/2021/വിജി.)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം

പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Shaji A M
Date: 27-01-2023 16:44:02
സെക്ഷൻ ഓഫീസർ